പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5054 | 30.06.2014-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ.ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് സംവിധാനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ജനമൈത്രി പോലീസ് പദ്ധതി എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ജനമൈത്രി പോലീസ് സംവിധാനം എത്രമാത്രം കാര്യക്ഷമമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. വിവിധ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനം എന്നിവയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, ബ്ലേഡ് മാഫിയ പ്രവർത്തനങ്ങൾ, സ്കൂൾ പരിസരത്തുള്ള മയക്കുമരുന്ന് വിൽപ്പന തുടങ്ങി വിവിധ കുറ്റകൃത്യങ്ങൾ തടയുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏതൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്? | (സി) വിവിധ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനം എന്നിവയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, ബ്ലേഡ് മാഫിയ പ്രവർത്തനങ്ങൾ, സ്കൂൾ പരിസരത്തുള്ള മയക്കുമരുന്ന് വിൽപ്പന തുടങ്ങി വിവിധ കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുവാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അതാത് ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്ക്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് തയ്യാറാക്കി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ